5817
17/3/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോസുകുഞ്ഞിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.638/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 09.03.2017

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.09.2014-ലെ ഇ 5-(എസ് സി19/14/ഇആർകെ) 19866/14 നമ്പർ കത്ത്

2. വിജിലൻസ് വകുപ്പിന്റെ 10.10.2014-ലെ 12044/ഡി3/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 22.12.2014-ലെ 70699/ഇപിബി2/14/തസ്വഭവ നമ്പർ കുറ്റപത്രം
4. വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി.ജെ. ജോസുകുഞ്ഞ് സമർപ്പിച്ച 16.03.2014-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 30.05.2015-ലെ ഡി5-4485/2015 നമ്പർ കത്ത്

## ഉത്തരവ്

വിജയപുരം ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കി. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ഭൂമിയിൽനിന്ന് അനധികൃതമായി മണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നല്കി എന്ന കുറ്റത്തിന് വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോസുകുഞ്ഞിന് പരാമർശം (3) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ വീട് വയ്ക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിന് ലഭിച്ച അപേക്ഷകളിൽ നിയമപരമായ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കിയാണ് ഖനനാനുമതി നല്കിയതെന്നും അനധികൃതമായി ഖനനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഖനനം നിർത്തിവയ്ക്കാനും ഖനനം നിർത്തിവയ്ക്കാത്ത പക്ഷം നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ടിയാളുകളെ അറിയിച്ചിട്ടുള്ളതാണെന്നും ശ്രീ. ജോസുകുഞ്ഞ് തന്റെ പ്രതിവാദ പത്രികയിൽ അറിയിച്ചിട്ടുണ്ട്. ശ്രീ. ജോസുകുഞ്ഞ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നല്കിയ ഫയലുകൾ പരിശോധിച്ചതിൽനിന്നും ആവശ്യമായ എല്ലാ രേഖകളുടെയും അടിസ്ഥാനത്തിലാണ് ഖനനാനുമതി നല്കിയതെന്നും അനുവദനീയമായതിലും അധികം മണ്ണ് നീക്കം ചെയ്യുന്നതിന് ആർക്കും അനുമതി നല്കിയിട്ടില്ലെന്നും അതിനാൽ ടിയാന്റെ എതിർവാദ പത്രിക അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ വിജിലൻസ് ശുപാർശ പ്രകാരം മണ്ണ് നീക്കം ചെയ്തതിന് റോയൽറ്റി ഇനത്തിൽ 6,75,000/- രൂപ ബന്ധപ്പെട്ട കക്ഷികളിൽനിന്ന് ഈടാക്കിയതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. ജോസുകുഞ്ഞിന്റെ പ്രതിവാദ പത്രികയുടേയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ആവശ്യമായ എല്ലാ രേഖകളുടെയും അടിസ്ഥാനത്തിലാണ് ഖനനാനുമതി നല്കിയതെന്നും, വിജിലൻസ് ശുപാർശ പ്രകാരം മണ്ണ് നീക്കം ചെയ്തതിന് റോയൽറ്റി ഇനത്തിൽ 6,75,000/- രൂപ ബന്ധപ്പെട്ട കക്ഷികളിൽനിന്ന് ഈടാക്കിയിട്ടുണ്ടെന്നും കാണുന്ന സാഹചര്യത്തിൽ വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോസുകുഞ്ഞിനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽനിന്ന് ടിയാനെ പൂർണ്ണമായി കുറ്റവിമുക്തനാക്കിക്കൊണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ജോസുകുഞ്ഞ്, സെക്രട്ടറി, വിജയപുരം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.11570/ഡി3/2016/വിജി. തീയതി 15.11.2016 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗ.വ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.70699/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ